PAN/8740/2022-E13(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം - 695003**
directorofpanchayat@gmail.com
**0471-2323286 തീയതി : 05/09/2022**

## നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് -ജീവനക്കാര്യം -അക്കൌണ്ടന്റ്/ഹെഡ്ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09/06/2022 ലെ EKM/488/2019-E6 നം കത്ത്
2 ശ്രീ.പ്രദീപ് കുമാർ എം എൻ. ബഹു. അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 665/2022 നം ഹർജി.
3 പഞ്ചായത്ത് ഡയറക്ടറുടെ 23/05/2018 ലെ ഇ 5-38675/2017 നമ്പർ ഉത്തരവ്
4 പഞ്ചായത്ത് ഡയറക്ടറുടെ 23/10/2018 , 25/10/2018 തീയതികളിലെ ഇ 13-13/2018 നം ഉത്തരവുകൾ
5 പഞ്ചായത്ത് ഡയറക്ടറുടെ 02/08/2019 ലെ PAN/14/2019-E13(DP) ഉത്തരവ്
6 പഞ്ചായത്ത് ഡയറക്ടറുടെ 23/10/2018 , 25/10/2018 തീയതികളിലെ ഇ 13-13/2018 നം ഉത്തരവുകൾ
7. പഞ്ചായത്ത് ഡയറക്ടറുടെ 02/08/2019 ലെ PAN/14/2019-E13(DP) ഉത്തരവ്
8. പഞ്ചായത്ത് ഡയറക്ടറുടെ 07/06/2022 തീയതിയിലെ PAN/253/2021-E3 (DP) ഉത്തരവ് .
9. പഞ്ചായത്ത് ഡയറക്ടറുടെ 01/07/2019 ലെ ഇ 3-27043/18 നമ്പർ ഉത്തരവ്.

എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ അക്കൌണ്ടന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. പ്രദീപ് കുമാർ എം.എൻ. എന്നവരെ അക്കൌണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുന്നതിനാണ് സൂചന (1) പ്രകാരം അപേക്ഷ നൽകിയിട്ടുള്ളത്. കൂടാതെ പ്രസ്തുത വിഷയത്തിൽ സൂചന (2) പ്രകാരം ശ്രീ. പ്രദീപ് കുമാർ എം എൻ. ബഹു. അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഹർജിയും നൽകിയിട്ടുണ്ട്.

കടമക്കുടി ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ. പ്രദീപ് കുമാർ സൂചന(3) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ സ്ഥാനക്രമം 780 നമ്പർ ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സൂചന (4) ഉത്തരവുകൾ പ്രകാരം ഫീഡർ കാറ്റഗറിയിൽ ടിയാളുടെ ജൂനിയറുൾപ്പെടെയുള്ളവർക്ക് അക്കൌണ്ടന്റ് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിരുന്നു. ഇത്തരത്തിൽ ടിയാൾക്ക് യഥാസമയം പ്രൊമോഷൻ അനുവദിക്കാത്തതിനെ തുടർന്ന് ടിയാൾ ബഹു. കേരള അട്മിനിസ്റ്റേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ OA-976/2019 നമ്പരായി ഹർജി ഫയൽ ചെയ്തിരുന്നു. ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ സൂചന(5) ഉത്തരവ് പ്രകാരം ശ്രീ. പ്രദീപ് കുമാർ എം.എൻ.-ന് എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി പ്രമോഷൻ നൽകുകയും സൂചന (5) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച (01/12/2018 മുതൽ 31/12/2020 വരെ കാലയളിൽ പ്രൊമോഷനായവരുടെ) അക്കൌണ്ടന്റ്/ഹെഡ്ക്ലാർക്ക് മാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ( സീനിയർ ക്ലാർക്ക് ഫീഡർ കാറ്റഗറി 780) ശ്രീ പ്രദീപ്കുമാർ എം. എൻ. നെ 6-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുമുള്ളതാണ്.

എന്നാൽ ഫീഡർ കാറ്റഗറിയിൽ ശ്രീ.പ്രദീപ്കുമാർ എം. എൻ ന്റെ ജൂനിയറായിട്ടുള്ള സീനിയർ ക്ലാർക്ക് സീനിയോറിറ്റി പട്ടികയിൽ സ്ഥാനക്രമം 781 നമ്പർ ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. സന്തോഷ്കുമാർ

കെ എന്നയാൾക്ക് ഉൾപ്പെടെ പഞ്ചായത്ത് ഡയറക്റ്ററുടെ (4) ഉത്തരവുകൾ പ്രകാരം അക്കൗണ്ടന്റ് ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് എന്നും ആയത് പ്രകാരം ടിയാളുടെ പ്രൊമോഷൻ തീയതി പുനർ നിർണ്ണയിച്ച് ടിയാളുടെ അക്കൌണ്ടന്റ് തസ്തികയിലെ സീനിയോരിറ്റി നം പുനക്രമീകരിച്ച് നൽകുന്നതിന് ആവശ്യപ്പെട്ടാണ് ടിയാൾ സൂചന (2) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളത്.

മേൽ വസ്തുതകൾ പരിഗണിച്ച് സൂചന(8) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച (01/12/2018 മുതൽ 31/12/2020 വരെ കാലയളിൽ പ്രൊമോഷനായവരുടെ) അക്കൌണ്ടന്റ്/ഹെഡ്ക്ലാർക്ക്മാരുടെ സീനിയോരിറ്റി ലിസ്റ്റിൽ (സീനിയർ ക്ലാർക്ക് ഫീഡർ കാറ്റഗറി 780) 6–ാം നമ്പരായി ഉൾപ്പെട്ട ശ്രീ പ്രദീപ്കുമാർ എം.എൻ. ന്റെ സ്ഥാനക്രമം റദ്ദ് ചെയ്ത്, ടിയാളുടെ പ്രൊമോഷൻ തീയതി 15/11/2018 ആയി പുനർനിർണ്ണയിച്ച്, സൂചന (9) ഉത്തരവ് പ്രകാരമുള്ള (03/09/2008 മുതൽ 30/11/2018 വരെയുള്ള കാലയളവിലെ) ഹെഡ് ക്ലാർക്ക് /അക്കൗണ്ടന്റ് തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ 4001 സ്ഥാന ക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.ശ്രീകുമാർ ടി (ഫീഡർ കാറ്റഗറി നം 779) ന് ശേഷവും 4002 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. സന്തോഷ് കുമാർ കെ (ഫീഡർ കാറ്റഗറി നം 781) ന് മുൻപിലായും ശ്രീ പ്രദീപ്കുമാർ എം..എൻ. 4001 (എ) എന്ന് സ്ഥാനക്രമം നൽകി മേൽ സീനിയോരിറ്റി പട്ടിക പുനഃക്രമീകരിക്കാവുന്നതാണെന്ന് കാണുന്നു.

| സീനിയോരിറ്റി.നം | ജീവനക്കാരന്റെ പേര് | ജനനതീയതി | ഫീഡർ കാറ്റഗറി നം | പ്രോമോഷൻ തീയതി |
|---|---|---|---|---|
| 4001 | ശ്രീകുമാർ ടി | 03/04/1976 | 779 | 15/11/2018 |
| 4001(എ) | പ്രദീപ്കുമാർ എം. എൻ | 30/05/1968 | 780 | 15/11/2018 |
| 4002 | സന്തോഷ്കുമാർ കെ | 01/05/1971 | 781 | 15/11/2018 |

മേൽ പ്രകാരം ശ്രീ. പ്രദീപ്കുമാർ എം.എൻ. –നെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം 15 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ആക്ഷേപം നൽകേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്).
2.എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
3 സെക്രട്ടറി, കടമക്കുടി ഗ്രാമ പഞ്ചായത്ത്.
4.ശ്രീ.പ്രദീപ്കുമാർ എം. എൻ, കടമക്കുടി ഗ്രാമ പഞ്ചായത്ത്.
5.അധികം കരുതൽ

Signature Not Verified

Digitally signed by DINESHAN H
Date: 2022.09.05 14:10:22 IST
Reason: Approved